കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വടക്കാഞ്ചേരി ബ്ലോക്ക്പഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(ബിപി1)58/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ -680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in

തീയതി:04.05.2020

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കാഞ്ചേരി ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം :വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-12,1-13,1-17,1-23,1-24 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.ടി.എസ്.ആർ(ബിപി1)58/2020 തീയതി. 04.05.2020

# തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 11.12.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.03.2019 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് എൻക്വയറിയിലൂടെ അതത് സമയം അറിയിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജഗോപാലൻ.സി. ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.12.19 മുതൽ 21.12.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റീന ജോസഫ് ഓഡിറ്റ് ഓഫീസർ |
| | സുധ.ഇ.എൻ അസി.ഓഡിറ്റ് ഓഫീസർ |
| | ജീജോ ജോബ് ഓഡിറ്റർ |

**<u>(ബി)നിർവ്വഹണാധികാരികൾ</u>**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എസ്.ബസന്ത് ലാൽ | 01.04.18 - 31.03.19 |
| സെക്രട്ടറി | ശ്രീ.പി.എച്ച്.ഷൈൻ | 01.04.18-05.06.18 |
| | ശ്രീമതി.ഉമാദേവി.കെ.എൻ, ജോയിന്റ് ബി.ഡി.ഒ | 06.06.18-23.07.18 FN |

| | | |
|---|---|---|
| | (സെക്രട്ടറി ഇൻ ചാർജ്) | |
| | ശ്രീമതി.സുമ.എ.പി. | 23.07.18 AN – 23.01.19 |
| | ശ്രീമതി.ഉമാദേവി.കെ.എൻ, ജോയിന്റ് ബി.ഡി.ഒ (സെക്രട്ടറി ഇൻ ചാർജ്) | 24.01.19 – 31.03.19 |

**<u>നിർവ്വഹണോദ്യോഗസ്ഥർ:</u>**

| | | |
|---|---|---|
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ലിസ.ജെ.മങ്ങാട് | 01.04.18 – 02.09.18 |
| | ശ്രീ.വിജിരാജ്.എം.ആർ | 03.09.18 – 31.03.19 |
| അസി.എക്സി.എഞ്ചിനീയർ | ശ്രീമതി.ചാന്ദിനി.വി.ജെ. | 01.04.18 – 11.03.19 FN |
| | ശ്രീ.വിനോദ്.ഇ.കെ. | 11.03.19AN – 31.03.19 |
| അസി.എഞ്ചിനീയർ | ശ്രീമതി.അഞ്ജു കൃഷ്ണൻ | 01.04.18 – 01.10.18<br>01.12.18 – 31.12.18 |
| | ശ്രീമതി.സുരഭി സി.എസ്. | 11.01.19 – 31.03.19 |
| അസി.എഞ്ചിനീയർ(i/c) | ശ്രീമതി.അംബിക.വി.കെ, ഓവർസിയർ | 02.10.18– 30.11.18 |
| | ശ്രീമതി.ശ്രീവിദ്യ.വി., ഓവർസിയർ | 01.01.19– 10.01.19 |
| സീനിയർ വെറ്റിനറി സർജൻ | ഡോ.ജോ കുര്യാക്കോസ് | 01.04.18– 31.03.19 |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി.അജിത കെ.എൻ. | 01.04.18– 31.03.19 |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.മിനി പി.കെ. | 01.04.18– 31.03.19 |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. ശ്രീജ.വി. | 01.04.18– 31.03.19 |
| സൂപ്രണ്ട്, സി.എച്ച്.സി.എരുമപ്പെട്ടി | ഡോ.രശ്മി.ഇ.എൻ. | 01.04.18 - 31.03.19 |
| കൃഷി അസി.ഡയറക്ടർ | ശ്രീമതി.കൈരളി.എൻ. | 01.04.18– 11.05.18 |
| | ശ്രീമതി.കെ.കെ.സിനിയ | 19.07.18– 31.03.19 |
| കൃഷി അസി.ഡയറക്ടർ (ഇൻ ചാർജ്ജ്) | ശ്രീ.ശ്രീരേഖ.എൽ. | 12.05.18– 18.07.18 |

**<u>ഉള്ളടക്കം</u>**


| ക്രമ നം | ഭാഗം-1<br>**ഓഡിറ്റ് റിപ്പോർട്ട്** | ഖണ്ഡിക |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| | | |

| | | |
|---|---|---|
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | കാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | വാർഷികകണക്കിലെ അപാകതകൾ | 1-9 |
| 10 | ബ്ലോക്ക്പഞ്ചായത്ത് കോമ്പൗണ്ടിലെ മുറിച്ച് മാറ്റിയ മരങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-10 |
| 11 | സർക്കാർ മാർഗ്ഗരേഖയുടെ ലംഘനം – തുടർനടപടികൾ ശിപാർശ ചെയ്യുന്നു | 1-11 |
| 12 | സ്മാർട്ട് ക്ളാസ്സ് റൂം - ക്വട്ടേഷൻ പ്രകാരമുള്ള പല ഇനങ്ങളും സ്ഥാപിച്ചിട്ടില്ല | 1-12 |
| 13 | 22.68 ലക്ഷം രൂപയുടെ ഉപകരണങ്ങൾ നാളിതുവരെ ഉപയോഗക്ഷമമാക്കിയിട്ടില്ല | 1-13 |
| 14 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - തുക അധികമായി അനുവദിച്ചു | 1-14 |
| 15 | അഫിലിയേഷൻ രേഖകൾ ഹാജരാക്കാതെ സ്കോളർഷിപ്പ് അനുവദിച്ചു | 1-15 |
| 16 | പട്ടികജാതി സാംസ്കാരിക കേന്ദ്രത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല | 1-16 |
| 17 | വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികൾ – പദ്ധതികൾക്ക് തുടർ പിന്തുണ ഉറപ്പാക്കേണ്ടതാണ് | 1-17 |
| 18 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-18 |
| 19 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-19 |
| 20 | സ്കൂളിൽ മാതൃകാ കൃഷിത്തോട്ടം- പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 1-20 |

| | | |
|---|---|---|
| 21 | പാലിന് സബ്സിഡി -അപാകതകൾ | 1-21 |
| 22 | ജൈവവള നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം- പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല | 1-22 |
| 23 | ക്ഷീര ഗ്രാമം - പദ്ധതി രൂപീകരണത്തിലെയും നടത്തിപ്പിലെയും അപാകതകൾ | 1-23 |
| 24 | മലബാറി ആട് നഗരം - പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപടിക്രമങ്ങൾ പാലിക്കാതെ നടപ്പിലാക്കി | 1-24 |
| 25 | വികസന ഫണ്ട് നഷ്ടപ്പെടുന്നു | 1-25 |
| 26 | വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണം സംബന്ധിച്ച് | 1-26 |
| 27 | ഡെപ്പോസിറ്റ് പ്രവൃത്തി-മുടങ്ങി കിടക്കുന്ന തുക മറ്റു പ്രവൃത്തികൾക്കുവേണ്ടി ചെലവഴിക്കുന്നു | 1-27 |
| 28 | 5 ലക്ഷം രൂപയിൽ താഴെ അടങ്കലുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നത് സംബന്ധിച്ച് | 1-28 |
| | <u>ഭാഗം -2</u><br>ഇല്ല | |
| | <u>ഭാഗം -3</u> | |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - തുക അധികമായി അനുവദിച്ചു | 3-1 |
| | <u>ഭാഗം -4</u> | |
| 30 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 32 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 34 | വായ്പ - വായ്പ തിരിച്ചടവ് | 4-5 |
| 35 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| 36 | ഓഡിറ്റ് റിക്കവറി | 4-7 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 40 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 41 | അനുബന്ധം - 2 ഓഡിറ്റ് സംക്ഷിപ്തം | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 17-03-2018 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. അതു പ്രകാരം പ്രതീക്ഷിത വരവ് 74,94,71,000/-രൂപയും, (മുന്നിരിപ്പ് ഉൾപ്പെടെ) പ്രതീക്ഷിത ചെലവ് 74,94,32,000/-രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 27.05.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,88,95,675 |
| വരവ് | 7,82,28,301 |
| ആകെ | 10,71,23,976 |
| ചെലവ് | 7,40,21,297 |
| നീക്കിയിരിപ്പ് | 3,31,02,679 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ACR പ്രകാരം വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 40197000 | 40197000 | 33305927 | 6891073 | 83% |
| വികസനഫണ്ട് എസ്.സി.പി. | 0 | 15030000 | 15030000 | 14470791 | 559209 | 96% |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 134000 | 134000 | 62638 | 71362 | 47% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4769000 | 4769000 | 4568402 | 200598 | 96% |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 82 | 109755738 | 40 | 52490997 | 23 | 19 | 49% |

# 1-6 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 13-12-2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

# 1-7 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02-09-19 മുതൽ 07-09-19 വരെ | 2018-19 | 28-10-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24-5-19 മുതൽ 31-5-19 വരെ | 2014-15 മുതൽ 2018-19 വരെ | 26-6-2019 |

# 1-8 ആഭ്യന്തര നിയന്ത്രണം

**1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല**

2018-19 വർഷം വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ഒരു തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പ്രത്യേകം നിർദേശങ്ങൾ ചർച്ച ചെയ്യുകയോ തീരുമാനങ്ങൾ എടുക്കുകയോ ചെയ്തിട്ടില്ല. സാമൂഹികക്ഷേമം, മൃഗസംരക്ഷണം എന്നീ വർക്കിംഗ് ഗ്രൂപ്പുകളിൽ മാത്രം ഏതാനും തീരുമാനങ്ങൾ

എടുത്തതായി കാണുന്നുവെങ്കിലും ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല.

**2. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല.**

പ്രൊജക്ട് നിർവ്വഹണം ആരംഭിച്ച് കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതും പ്രവൃത്തിയുടെ ഓരോ ഘട്ടവും വിലയിരുത്തി ഭരണ സമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും റിപ്പോർട്ട് നൽകേണ്ടതുമാണ്. സ്റ്റാന്റിങ്ങ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം തുടർച്ചയായി വിലയിരുത്തി ആവശ്യമായ ഇടപെടൽ നടത്തി നിർവ്വഹണ കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

# 1-9 വാർഷികകണക്കിലെ അപാകതകൾ

1. വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

2. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). എന്നാൽ, ബ്ലോക്ക് പഞ്ചായത്ത് വാടക രജിസ്റ്റർ, ടെണ്ടർ ഫോം വില്പന രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ പ്രക്രിയ നടത്തി വരുന്നുണ്ടോയെന്ന് പരിശോധിക്കുവാനായില്ല. കൂടാതെ, വാർഷിക കണക്കുകളിലെ ഡിമാന്റ് തുകകളുടെ കൃത്യതയും പരിശോധിക്കുവാനായില്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനത്തിന് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ തുക ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ രേഖപ്പെടുത്തി, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുവാനായില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/03/2019-ലെ മുൻകൂർ തുക |
|---|---|---|---|
| 1 | വാടക | 350410401- Advance collection of revenues - Rent from buildings | 350 |

4. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000- Prior period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/03/2019-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200401 – Prior period income – Other incomes | (61000) |
| 280800301 – prior period operations and maintenance expenses | 159200 |
| 280800501 – Prior period – Programme expenses | (5400000) |

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

6. വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4207004/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4976936/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

7. 2018-19 വർഷത്തെ Income and expenditure പത്രിക പ്രകാരം 2235131/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ, ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികൾക്കും (Land ഒഴികെ) ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താനായില്ല.

8. എ) ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. മാത്രമല്ല, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ EMD, Security Deposit എന്നിവ സ്വീകരിച്ചതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമായില്ല.

ബി) അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള 31.03.2019-ലെ നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | അഡ്വാൻസ് രജിസ്റ്റർ പ്രകാരം 31/03/2019-ലെ നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7/B-18 പ്രകാരം 31/03/2019-ലെ നീക്കിയിരിപ്പ് |
|---|---|---|
| ഡെപ്പോസിറ്റ് - കേരള വാട്ടർ അതോറിറ്റി | ഇല്ല | 5,00,000/- |
| | | |

| | | |
|---|---|---|
| ഡെപ്പോസിറ്റ് - ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 29,19,700/- | 78,19,700/- |
| സ്കീം എക്സ്പെൻഡിച്ചർ റിസീവബിൾ (ദാരിദ്ര്യ ലഘൂകരണ പദ്ധതിക്ക് മുൻകൂർ നൽകിയത്) | ഇല്ല | 2,80,975/- |

9. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/03/19 വരെ പാർട്ട് ബിൽ നൽകിയതും എന്നാൽ 31/03/2019-ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക എത്രയെന്ന് കണക്കാക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. 31/03/2019-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 10521591/- രൂപയാണ്. ആയതിന്റെ കൃത്യത പരിശോധിക്കുവാനായിട്ടില്ല.

10. രസീറ്റ് & പേയ്മെന്റ് പത്രിക RP-31 പ്രകാരമുള്ള വരവുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ/രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ, 31.03.19-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള നീക്കിയിരിപ്പുകളുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

# 1-10 ബ്ലോക്ക്പഞ്ചായത്ത് കോമ്പൗണ്ടിലെ മുറിച്ച് മാറ്റിയ മരങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ബ്ലോക്ക്പഞ്ചായത്ത് കോമ്പൗണ്ടിലെ ഒരു മാവ്, പാഴ്മരം, ഒരു തേക്ക് മരം, രണ്ട് ഈറൻ പന, രണ്ട് മാവ് എന്നിവ അപകടാവസ്ഥയിലായതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ 27.10.18 ലെ 5.2 നമ്പർ തീരുമാനം, 30.10.18 ലെ പ്രാദേശിക മരം മുറിക്കമ്മിറ്റിയുടെ തീരുമാനം, 26.11.18 ലെ 5.2 നമ്പർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ 2018 നവംബർ മാസത്തിൽ മുറിച്ച് മാറ്റിയിട്ടുണ്ട്. മരങ്ങൾ മുറിച്ച് മാറ്റുന്നതിന് 15000/- രൂപ ചെലവഴിച്ചിട്ടുമുണ്ട്. തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, അസി. ഫോറസ്റ്റ് കൺസർവേറ്ററുടെ 06/06/2019 ലെ വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരം മുറിച്ച് മാറ്റിയ മരങ്ങൾക്ക് 62,706/- രൂപ വില നിശ്ചയിച്ചിട്ടുണ്ട്. ടി മരങ്ങൾ ലേലം നടത്തി വിൽക്കുന്നതിന് ഗ്രാമവികസന കമ്മീഷണറുടെ 07-08-19 ലെ 10473/റ്റി &എ 2/19/സിആർഡി നം ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ മരങ്ങളുടെ ലേലം 06.09.2019 നം പുനർലേലം 11.12.2019 നം നടന്നുവെങ്കിലും വാല്വേഷൻ പ്രകാരമുള്ള തുകയ്ക്കോ, അതിനു മുകളിലോ ആരും ലേലം കൊള്ളാൻ തയ്യാറായിട്ടില്ല. മരം മുറിച്ച് മാറ്റി ഒരു വർഷം കഴിഞ്ഞിട്ടും ലേലം ചെയ്ത് വിൽക്കാൻ കഴിയാത്തതിനാൽ കാലപ്പഴക്കം മൂലം മരങ്ങൾ ഉപയോഗശൂന്യമാകുന്നതിനുള്ള സാഹചര്യം

ഒഴിവാക്കേണ്ടതും ലേലം കൊള്ളാൻ ആരും തയ്യാറാകാത്തതിന്റെ കാരണം പരിശോധിച്ച് ആയത് പരിഹരിക്കുന്നതിന് നിയമാനുസൃതനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-11 സർക്കാർ മാർഗ്ഗരേഖയുടെ ലംഘനം -തുടർ അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു

പ്രോജക്ട് - വിവിധ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം (42/19)

അടങ്കൽ - 2250000 (വികസനഫണ്ട്)

250000 (തനത്ഫണ്ട്) ആകെ - 25,00,000/-

ചെലവ് - 8,33,193/- 14/18-19, 26.3.2019

നിർവഹണം – കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ
നിർവഹണ ഉദ്യോഗസ്ഥൻ – അസി.എക്സി.എഞ്ചിനീയർ
2018-19 വർഷം നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിച്ച മേൽ പ്രോജക്ട് പ്രകാരം ഗവ.എൽ.പി.സ്കൂൾ വരവൂരിൽ ഒരു ക്ലാസ് റൂം, ഗവ.യു.പി.സ്കൂൾ എരുമപ്പെട്ടിയിലെ എൽ.പി, യു.പി വിഭാഗങ്ങളിൽ ഓരോ ക്ലാസ് റൂം എന്നിവ പണിയുന്നതിനായി 17.4.2018 ലെ 4.2 നമ്പർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകൃത ഏജൻസിയായ കാഡ്കോയ്ക്ക് 22.5.2018 ൽ വർക്ക് ഓർഡർ നൽകുകയും അന്നു തന്നെ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. (കരാർ നം.1/AEE/WKY/LSGD/22.5.2018)

തുടർന്ന് മേൽപ്പറഞ്ഞ സ്കൂളുകൾ സ്ഥിതി ചെയ്യുന്ന വരവൂർ ഗ്രാമപഞ്ചായത്ത്, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവരിൽ നിന്നും സ്മാർട്ട് ക്ലാസ്സ് റൂം പണിയുന്നതിന് സമ്മതപത്രം വാങ്ങിയതായും കാണുന്നു. 26.11.2018 ൽ ലഭ്യമായ കാഡ്കോയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റിൽ ഗവ.എൽ.പി.സ്കൂൾ വരവൂരിൽ ഒരു ക്ലാസ് റൂം, ഗവ.യു.പി.സ്കൂൾ എരുമപ്പെട്ടിയിലെ എൽ.പി, യു.പി വിഭാഗങ്ങളിൽ ഓരോ ക്ലാസ് റൂം വീതവും പണിതു പ്രവൃത്തി പൂർത്തിയായി എന്നു കാണിച്ചുകൊണ്ട് 24,99,599/- രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. കാഡ്കോയുടെ 17.12.2018 ലെ കത്തിലും മേൽ സ്കൂളുകളിൽ ക്ലാസ് റൂം സജ്ജീകരിച്ച് ഇൻവോയ്സ് പ്രകാരം ആവശ്യപ്പെട്ട തുക ലഭ്യമാക്കണമെന്നു പറയുന്നു. എന്നാൽ 28.9.2018, 11.12.2018 തീയതികളിൽ, ഗവ.യു.പി.സ്കൂൾ എരുമപ്പെട്ടിയിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നും എത്രയും വേഗം പൂർത്തീകരിക്കുന്നതിന് അസി.എക്സി.എഞ്ചിനീയർ കത്ത് നൽകിയതായി കാണുന്നു.

8.3.2019 ൽ അസി.എക്സി.എഞ്ചിനീയർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ, നേരിട്ട് സ്ഥലം സന്ദർശിച്ചപ്പോൾ ഗവ.യു.പി.സ്കൂൾ എരുമപ്പെട്ടിയിലെ എൽ.പി, യു.പി വിഭാഗങ്ങളിൽ പ്രവൃത്തി നടപ്പാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടതായും പണി പൂർത്തീകരിച്ചു എന്ന് വ്യാജ പ്രസ്താവന നൽകുകയാണ് കാഡ്കോ ചെയ്തിരിക്കുന്നതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 1.2.2019 ലെ 1.2 നമ്പർ തീരുമാനപ്രകാരം ഗവ.യു.പി.സ്കൂൾ എരുമപ്പെട്ടിയിലെ എൽ.പി, യു.പി വിഭാഗങ്ങളിൽ ഓരോ ക്ലാസ് റൂം എന്നത് മാറ്റി ജ്ഞാനോദയം യു.പി.സ്കൂൾ ചിറ്റണ്ടയിലെ എൽ.പി, യു.പി വിഭാഗങ്ങളിൽ ഓരോ ക്ലാസ് റൂം വീതം പണിയുന്നതിനായി പ്രോജക്ട് റിവൈസ് ചെയ്യുന്നതിനും തുക വിനിയോഗിക്കുന്നതിനും

തീരുമാനമെടുത്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 18.9.2018 ലെ കത്ത്, 30.11.2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.51 നമ്പർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് ഭേദഗതി ചെയ്ത് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങിയതായും കാണുന്നു. (30.12.2018 ലെ സ.ഉ.(സാധാ)നം.3269/2018/ത.സ്വ.ഭ.വ) ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 1.2.2019 ലെ തീരുമാനം രേഖപ്പെടുത്തുന്നതിനു മുമ്പേ തന്നെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനവും ആയതിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവും ഇറങ്ങിയിട്ടുണ്ട്. ആയതിനാൽ 1.2.2019 ലെ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിനു പ്രസക്തി ഇല്ല എന്നു മനസിലാക്കാം. കൂടാതെ കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനവും അത് പ്രകാരമുള്ള സർക്കാർ ഉത്തരവിലും പറയുന്നത് എൽ.പി, യു.പി സ്കൂളുകൾ, സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ, എയ്ഡഡ് സ്കൂളുകൾ എന്നിവിടങ്ങളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ പണിയുന്നതിന് 25 ലക്ഷം രൂപ വകയിരുത്തി തയ്യാറാക്കിയ പ്രോജക്ടിന് അനുമതി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചു എന്നാണ്. യഥാർത്ഥത്തിൽ പ്രോജക്ട് തയ്യാറാക്കിത് രണ്ട് ഗവൺമെന്റ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ പണിയുന്നതിനാണെന്ന് 17.4.18, 1.2.19 തീയതികളിലെ തീരുമാനങ്ങൾ വ്യക്തമാക്കുന്നു. എന്നാൽ കോഓർഡിനേഷൻ കമ്മിറ്റിയെ തെറ്റിദ്ധരിപ്പിച്ചാണ് ഇത്തരമൊരു സർക്കാർ ഉത്തരവിലൂടെ പ്രത്യേക അനുമതി ലഭ്യമായതെന്ന് കാണാവുന്നതാണ്.

ജ്ഞാനോദയം യു.പി.സ്കൂളിലെ പ്രധാന അധ്യാപിക 2019 ഫെബ്രുവരിയിൽ സ്മാർട്ട് ക്ലാസ് റൂം പ്രവൃത്തി പൂർത്തിയാക്കിയതായി അസി.എക്സി.എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ചിറ്റണ്ട ജ്ഞാനോദയം യു.പി.സ്കൂളിലെ നിർമ്മാണവുമായി ബന്ധപ്പെട്ട് കാഡ്കോയ്ക്ക് വർക്ക് ഓർഡർ നൽകുകയോ കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല. മാത്രമല്ല കാഡ്കോ 14.10.2019 ൽ നൽകിയ കത്ത് പ്രകാരം 13.6.2018, 18.6.2018 തിയതികളിൽ പൂർത്തീകരിച്ചതായി പറയുന്ന പ്രവൃത്തികളുടെ ചെലവ് തുക ബാക്കി 16,66,386/- രൂപ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 29.1.2018 ലെ സ.ഉ(കൈ)നം.11/2018/ ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 7.6 പ്രകാരം സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രമാണ് എയ്ഡഡ് സ്കൂളുകളിൽ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കാനാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ സ്കൂളിന് വേണ്ടി പ്രോജക്ട് വെക്കുകയും തുടർന്ന് പ്രോജക്ട് നടപ്പാക്കിയത് മറ്റൊരു സ്കൂളിലും ആകുന്നു എന്ന് മാത്രമല്ല, യാതൊരു നടപടിക്രമവും പാലിച്ചിട്ടില്ല എന്നു കാണാവുന്നതാണ്. ഈ വിഷയത്തിൽ വിശദമായ മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.10/20.12.19 നൽകി എങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തുടർ അന്വേഷണത്തിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

# 1-12 സ്മാർട്ട് ക്ലാസ്സ് റൂം - ക്വട്ടേഷൻ പ്രകാരമുള്ള പല ഇനങ്ങളും സ്ഥാപിച്ചിട്ടില്ല

പ്രോജക്ട് - വിവിധ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം (42/19)

അടങ്കൽ - 2250000 (വികസനഫണ്ട്)

250000 (തനത്ഫണ്ട്) ആകെ - 25,00,000/-

ചെലവ് - 8,33,193/- 14/18-19, 26.3.2019

നിർവഹണം – കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എക്സി.എഞ്ചിനീയർ

2018-19 വർഷം നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിച്ച മേൽ പ്രോജക്ട് പ്രകാരം രണ്ട് ഗവ.സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം പണിയുന്നതിന് 17.4.2018 ലെ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി. തുടർന്ന് 25.4.2018 തിയതിയിൽ ലഭ്യമായKADCO/CRO/S&SS/18/2018 നമ്പർ ക്വട്ടേഷൻ പ്രകാരം അംഗീകൃത ഏജൻസിയായ കാഡ്കോയ്ക്ക് 22.5.2018 ൽ വർക്ക് ഓർഡർ നൽകുകയും അന്ന് തന്നെ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. (കരാർ നം.1/AEE/WKY/LSGD/22.5.2018) അത് പ്രകാരം ഗവ.എൽ.പി.സ്കൂൾ വരവൂരിൽ ഒരുസ്മാർട്ട് ക്ളാസ് റൂം പണിതതിന് 8,33,193/- രൂപ കൈമാറി.

വരവൂർ ഗവ.എൽ.പി.സ്കൂളിൽ പണിത സ്മാർട്ട് ക്ളാസ് റൂം ഓഡിറ്റ് ടീം സന്ദർശിച്ചപ്പോൾ ക്വട്ടേഷൻ പ്രകാരം പറഞ്ഞിരിക്കുന്ന പല സ്പെസിഫിക്കേഷനുകളും സ്കൂളിൽ കണ്ടെത്താനായില്ല. ക്വട്ടേഷൻ പ്രകാരമുള്ള തുകയാണ് നിർവഹണ ഏജൻസിക്ക് കൈമാറുന്നത് എന്നതിനാൽ ഓരോ ഇനങ്ങളിലും അതേ അളവിലും വലിപ്പത്തിലും പറഞ്ഞിരിക്കുന്ന അതേ ഇനം തന്നെ സ്ഥാപിക്കേണ്ടതായുണ്ട്. എന്നാൽ ഇപ്രകാരം അല്ല സ്ഥാപിച്ചിരിക്കുന്നത് എന്ന് ഓഡിറ്റ് സംഘത്തിന് ബോധ്യപ്പെട്ടു. ക്വട്ടേഷൻ പ്രകാരം വേണ്ടതും സ്ഥലപരിശോധനയിൽ കണ്ടതുമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്വട്ടേഷൻ പ്രകാരം വേണ്ടത് | | | | സ്ഥല പരിശോധനയിൽ കണ്ടത് |
|---|---|---|---|---|
| ഇനം നംപർ | ഇനം | തുക | എണ്ണം | ഇനം |
| 4 | Executive Steel Teachers Chair cushion seat and back | 3600 | 1 | Without cushion seat and back |
| 5 | Students open storage steel open shelf with 15 compartments | 19700 | 2 | ക്ളാസ് റൂമിൽ ഒരെണ്ണം മാത്രം സ്ഥാപിച്ചിട്ടുള്ളൂ |
| 7 | Display rack magazine rack 150cmx60cm four compartments | 7800 | 1 | 150cmx60cm ന് പകരം150cmx30cm - വീതി പകുതിയായി കുറഞ്ഞു |
| 13 | Green writing | 17400 | 1 | പറഞ്ഞ അളവിനേക്കാൾ |

| | | | | |
|---|---|---|---|---|
| | board with wooden frame 180x90x10cm | | | ചെറിയ അലുമിനിയം വൈറ്റ് ബോർഡ് |
| 14 | Curtain vertical blinds PVC bamboo 180x165cm | 3465 | 3 | റോളിംഗ് കർട്ടൻ ആണ് ഉള്ളത്. വെർട്ടിക്കൽ അല്ല. |
| 2-4 | Supply and installations of wall mount fan | 4000 | 4 | 3 എണ്ണം മാത്രം |
| 3-4 | 24” Touch monitor(viewsonic) | 30000 | 1 | പൊടി പിടിച്ച് ഉപയോഗിച്ചിട്ടില്ലാത്ത അവസ്ഥയിലും പ്ലഗ് ബോർഡ് കത്തിക്കരിഞ്ഞ നിലയിലും കാണുന്നു. പ്രവർത്തിച്ച കാണിക്കുവാൻ സാധിച്ചിട്ടില്ല. |









സ്മാർട്ട് ക്ലാസ്സ് റൂം ആകെ ചപ്പുചവറുകൾ, പൊടിപടലങ്ങൾ എന്നിവയാൽ നിറഞ്ഞ് ഒട്ടും വൃത്തി ഇല്ലാത്ത അവസ്ഥയിൽ കാണപ്പെടുന്നു. കുട്ടികൾക്ക് പ്രയോജനപ്രദമായ രീതിയിൽ Projector, Touch monitor, Amp Movie Box എന്നിവയൊന്നും ഉപയോഗിക്കുവാൻ പറ്റിയ അവസ്ഥയിലല്ല. Touch monitor ലേക്ക് വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത അവസ്ഥയിൽ പ്ലഗ്

ബോർഡ് കത്തിക്കരിഞ്ഞ നിലയിലും കാണുന്നു. ഈ വിഷയത്തിൽ വിശദമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സ്മാർട്ട് ക്ലാസ് റൂം കുട്ടികൾക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ സജ്ജീകരിക്കുന്നത് വരെ 8,33,193/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

# 1-13 22.68 ലക്ഷം രൂപയുടെ ഉപകരണങ്ങൾ നാളിതുവരെ ഉപയോഗക്ഷമമാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.എരുമപ്പെട്ടി

സി.എച്ച്.സി.എരുമപ്പെട്ടിയിൽ ഫിസിയോതെറാപ്പി, ലാബ് ഉപകരണങ്ങൾ വാങ്ങിയത് നാളിതുവരെ ഉപയോഗക്ഷമമാക്കിയിട്ടില്ല. ഉപകരണങ്ങൾ പാക്കറ്റ് പൊട്ടിക്കാതെ തന്നെ കോൺഫറൻസ് ഹാളിൽ സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു. ലാബ്, ഫിസിയോതെറാപ്പി ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം എന്നിവയുടെ പണി പൂർത്തീകരിക്കാത്തതിനാൽ ഉപകരണങ്ങൾ സ്ഥാപിക്കാൻ സ്ഥലമില്ല എന്നാണ് ഓഡിറ്റ് ടീം സി.എച്ച്.സി. സന്ദർശിച്ചപ്പോൾ, ബന്ധപ്പെട്ടവർ അറിയിച്ചത്. ഓരോ പ്രോജക്ടും വിശദമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് / പ്രോജക്ട് നം. | അടങ്കൽ / ഫണ്ട് | ചെലവ് തുക / ബിൽ നം. തിയതി | വിശദീകരണം |
|---|---|---|---|---|
| 1 | സി.എച്ച്.സി.എരുമപ്പെട്ടിക്ക് ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങൽ (60/19) | 1304330 മെയിന്റനൻസ് ഗ്രാന്റ് | 8,60,962 9/18-19, 26.3.19 കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും വാങ്ങൽ | രണ്ട് ഇൻവോയ്സുകളിലായി 39 ഇനങ്ങൾ. അഞ്ചാമത്തെ ഇനമായ muscle stimulator സ്റ്റോക്കിൽ എടുത്തിട്ടില്ല. പാക്കറ്റ് തുറക്കാതെ സൂക്ഷിച്ചിട്ടുള്ളതിനാൽ ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ അധികൃതർക്ക് സാധിച്ചിട്ടില്ല. സ്റ്റാമ്പ് പേപ്പറിൽ 21.3.2019 എന്ന് തിയതി എഴുതിയിരിക്കുന്നതല്ലാതെ കരാർ നമ്പർ ചേർത്ത് കരാർ ചമച്ചിട്ടില്ല. |
| 2 | സി.എച്ച്.സി.എരുമപ്പെട്ടിക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ (59/19) | 813206 മെയിന്റനൻസ് ഗ്രാന്റ് | 7,72,325 10/18-19, 26.3.19 | ഒരു ഇൻവോയ്സിൽ 4 ഇനങ്ങൾ. Fully automatic biochemistry analyser എന്ന ഒരു ഉപകരണത്തിന്റെ (വില |

| | | | | |
|---|---|---|---|---|
| | | | കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും വാങ്ങൽ | – 6,18,893/- രൂപ) പാക്കറ്റ് തുറക്കാതെ സൂക്ഷിച്ചിരിക്കുന്നു. സ്റ്റാമ്പ് പേപ്പറിൽ കരാർ നമ്പർ, തീയതി ഇവ ചേർത്ത് കരാർ ചമച്ചിട്ടില്ല. |
| 3 | എരുമപ്പെട്ടി സാമൂഹ്യ ആരോഗ്യകേന്ദ്രം ഉപകരണങ്ങൾ വാങ്ങൽ (131/19) | 300000 മെയിന്റനൻസ് ഗ്രാന്റ് | 2,99,999<br>12/18-19, 25.3.19<br>കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും വാങ്ങൽ | ഒരു ഇൻവോയ്സിൽ 5 ഇനങ്ങൾ. സ്റ്റോക്ക് രജിസ്റ്ററിൽ പാലിയേറ്റീവ് നേഴ്സിന് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മുഴുവനായി വിതരണം നടത്തിയിട്ടില്ല. |
| 4 | സി.എച്ച്.സി.എരുമപ്പെട്ടിക്ക് സെക്കണ്ടറി പാലിയേറ്റീവ് ഹോംകെയർ കിറ്റ് വാങ്ങൽ (136/19) | 443359 മെയിന്റനൻസ് ഗ്രാന്റ് | 3,35,250<br>14/18-19, 26.3.19<br>കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും വാങ്ങൽ | ഒരു ഇൻവോയ്സിൽ 40 ഇനങ്ങൾ. മെയിൻ സ്റ്റോക്കിൽ എടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുടർന്ന് വിതരണം ചെയ്തിട്ടില്ല. കരാർ, പ്രോജക്ട് എന്നിവ ലഭ്യമായിട്ടില്ല. |
| | ആകെ ചെലവ് തുക | | 22,68,536/- | |





*ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുന്ന പുതിയ ഉപകരണങ്ങൾ*



*പണി പൂർത്തീകരിക്കാത്ത ആശുപത്രിക്കെട്ടിടം*

ആവശ്യകത ഉറപ്പാക്കാതെ പ്രോജക്ട് നടപ്പാക്കുന്നതിന്റെ വീഴ്ചയാണ് ഇപ്രകാരം ഒരു വർഷമായിട്ടും ഉപകരണങ്ങൾ ഉപയോഗിക്കാതെ നിരുത്തരവാദപരമായി കോൺഫറൻസ് ഹാളിൽ 22.68 ലക്ഷം രൂപയുടെ ഉപകരണങ്ങൾ കൂട്ടിയിട്ടിരിക്കുന്നത്. കരാർ വയ്ക്കാത്തതിനാൽ ഉപകരണങ്ങളുടെ ഉപയോഗക്ഷമതയെപ്പറ്റി ആശങ്കപ്പെടേണ്ടിയിരിക്കുന്നു. മൂന്നു വർഷത്തിലധികമായി തുടർന്നു വരുന്ന കെട്ടിടം പണി പൂർത്തീകരിച്ച് ഉപകരണങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. നാളിതുവരെ ഉപയോഗക്ഷമമാക്കുന്നതിന് കഴിയാതെ ഉപകരണങ്ങൾ വാങ്ങി പദ്ധതിപ്പണം നിഷ്ക്രിയമായി കിടക്കുന്നതിനാൽ 22,68,536/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

# 1-14 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - തുക അധികമായി അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടിക ജാതി വികസന ഓഫീസർ

പ്രൊജക്ട്– പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം (പ്രോജക്ട് നം.6/19)

മേൽ പദ്ധതിക്കായി 23,20,000/- രൂപ എസ്.സി.പി ഫണ്ടിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(കൈ)നം.22/18/തസ്വഭവ തീയതി 14.02.18 ഖണ്ഡിക 7.2.5 പ്രകാരം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഓരോ കോഴ്സിനും അനുവദിക്കാവുന്ന തുകകളെ കുറിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ആയത് പ്രകാരം പോളിടെക്നിക്ക് കോഴ്സിനും ബിരുദ കോഴ്സിനും അനുവദിക്കാവുന്ന വാർഷിക സ്കോളർഷിപ്പ് തുക 20,000/- രൂപ വീതമാണ്. എന്നാൽ 4 വിദ്യാർത്ഥികൾക്ക് 30,000/- രൂപ വീതം വാർഷിക സ്കോളർഷിപ്പായി

അനുവദിച്ചതു വഴി ആകെ 40,000/- രൂപ നഷ്ടം വന്നിട്ടുണ്ട്. വിശദവിവരത്തിനായി ഖണ്ഡിക 3-1 കാണുക.

# 1-15 അഫിലിയേഷൻ രേഖകൾ ഹാജരാക്കാതെ സ്കോളർഷിപ്പ് അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ
പ്രൊജക്ടിന്റെ പേര് – പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം (പ്രോജക്ട് നം.6/19)
മേൽ പദ്ധതിക്കായി 23,20,000/- രൂപ താഴെ പറയും പ്രകാരം എസ്.സി.പി ഫണ്ടിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.
ട്രഷറി ബിൽ നം. 01/18-19/ 30.10.18, തുക-6,40,000
02/18-19 /19.11.18, – 8,60,000
03/18-19 / 18.01.19, – 5,10,000
04/18-19 / 29.01.19, – 3,10,000

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി വിശ്വഭാരതി കോളേജ്, കാവശ്ശേരി പി.ഒ പാലക്കാട് എന്ന കോളേജിൽ മൂന്നാം വർഷ ബി.എ.ഇക്കണോമിക്സ് വിദ്യാർത്ഥിയായ രാഹുൽ ബി.ആർ, ഭഗവതിക്കുന്ന് ഹൗസ്, ആറ്റൂർ എന്ന വിദ്യാർത്ഥിക്ക് 20,000/- രൂപ സ്കോളർഷിപ്പ് തുക നൽകിയിട്ടുണ്ട്. എന്നാൽ കോളേജ് അഫിലിയേഷൻ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല. അഫിലിയേഷൻ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ സ്കോളർഷിപ്പ് നൽകുന്നതിനായി നൽകിയ 20,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് അന്വേഷണം നം. 1/13-12-19)

# 1-16 പട്ടികജാതി സാംസ്ക്കാരിക കേന്ദ്രത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല.

പട്ടികജാതി സാംസ്കാരിക കേന്ദ്രങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം (പ്രൊജക്ട് നം.105/19) 2,58,400/- രൂപ (5/18-19/26.04.19) തെക്കുംകര ഗ്രാമപഞ്ചായത്ത് മണലിത്തറ കോളനി എസ്.സി. സാംസ്കാരിക നിലയത്തിൽ 3 കിലോവാട്ട് സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്നതിന് അനർട്ട്, തൃശ്ശൂർ ജില്ലാ എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഫയലിൽ പ്രൊജക്ട് , പദ്ധതിക്കായി വരുന്ന ആകെ ചെലവ്, കേന്ദ്ര സർക്കാരിന്റെ സബ്സിഡി തുക എന്നിവ ഉൾപ്പെട്ടിട്ടുള്ള വിശദമായ എസ്റ്റിമേറ്റ് എന്നിവ ഇല്ല. 08/03/2019 ൽ വടക്കാഞ്ചേരി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറും അനർട്ട്, തൃശ്ശൂർ ജില്ലാ എഞ്ചിനീയറും തമ്മിൽ എഴുതി ഒപ്പിട്ട കരാറിന്റെ ഖണ്ഡിക 4 പ്രകാരം “തുക അനർട്ടിൽ ഡെപ്പോസിറ്റ് ചെയ്ത തീയതി മുതൽ കുറഞ്ഞത് ആറ് മാസത്തിനുള്ളിൽ അനർട്ട് പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് നൽകുന്നതാണ്”എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓഡിറ്റ് ടീം 21.12.19 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ടി കേന്ദ്രത്തിൽ നിലവിൽ എല്ലാദിവസവും 3 പി.എം മുതൽ 6 പി.എം.വരെ “വിജ്ഞാനവാടി”എന്ന സംരംഭത്തിൽ കുട്ടികൾ അവിടെ സൂക്ഷിച്ചിട്ടുള്ള പുസ്തകങ്ങൾ വായിക്കുവാൻ വരുന്നതായി എസ്.സി.പ്രൊമോട്ടർ അറിയിച്ചു. ടി കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടർ നിലവിൽ പ്രവർത്തനരഹിതമാണ്. സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി

ഉത്പാദനം ആരംഭിച്ചിട്ടില്ല. പ്രൊജക്ട്, വിശദമായ എസ്റ്റിമേറ്റ് എന്നിവയുടെ അഭാവത്തിൽ പദ്ധതി നിർവ്വഹിച്ചിരിക്കുന്നത് വിഭാവനം ചെയ്തത് പ്രകാരമാണോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (01/13.12.19) എസ്റ്റിമേറ്റ് അനർട്ടിൽ നിന്നും ലഭ്യമാക്കുന്നതാണെന്നും പ്രവൃത്തി നിശ്ചിതസമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തതിന്റെ കാരണം അനർട്ടിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മേൽ രേഖകളുടെ അഭാവത്തിൽ 2,58,400/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-17 വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികൾ – പദ്ധതികൾക്ക് തുടർ പിന്തുണ ഉറപ്പാക്കേണ്ടതാണ്.

**1. പ്രൊജക്ടിന്റെ പേര് – വനിതകൾക്ക് തുണി സഞ്ചി നിർമ്മാണം (സ്പിൽ ഓവർ)**

പ്രൊജക്ട് നമ്പർ – 70/19

ചെലവഴിച്ച തുക – 1,90,000/- (ട്രഷറി ബിൽ നം. 01/18-19/ 09.07.18)

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി ശലഭം, അൽ അമീൻ എന്നീ ഗ്രൂപ്പുകൾക്ക് 57,500/- രൂപ വീതവും, ആര്യ, അർച്ചന, ശിഖ എന്നീ ഗ്രൂപ്പുകൾക്ക് 25,000/- രൂപ വീതവും റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 21.12.19 ന് അൽ അമീൻ യൂണിറ്റിൽ സ്ഥലപരിശോധന നടത്തുകയുണ്ടായി. തുണിസഞ്ചികൾക്ക് ഓർഡറുകൾ കുറവായതിനാൽ ഇപ്പോൾ തുണി സഞ്ചി നിർമ്മിക്കുന്നില്ലെന്നും പകരം മറ്റ് തയ്യൽ ജോലികൾ ചെയ്യുന്നുണ്ടെന്നും ഓർഡറുകൾ കിട്ടിയാൽ തുണി സഞ്ചി നിർമ്മിക്കുന്നതാണെന്നും യൂണിറ്റംഗങ്ങൾ അറിയിച്ചു. ഇത്തരം പദ്ധതികളുടെ വിജയത്തിന് ശരിയായ മാർക്കറ്റിംഗ് അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞ് ആവശ്യമായ വിപണന സൗകര്യം ഒരുക്കി നൽകുന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിലെ മറ്റ് അപാകതകൾ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2 ൽ വിശദമാക്കിയിട്ടുണ്ട്.

**2. പ്രൊജക്ടിന്റെ പേര് – ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സബ്സിഡി**

പ്രൊജക്ട് നമ്പർ – 116/18-19

ചെലവഴിച്ച തുക – 6,00,000/-

ട്രഷറി ബിൽ നം. 02/18-19/ 13.3.19 തുക 75000

03/18-19/ 13.3.19 തുക 75000

04/18-19/ 13.3.19 തുക 75000

05/18-19/ 13.3.19 തുക 75000

06/18-19/ 13.3.19 തുക 75000

07/18-19/ 13.3.19 തുക 75000

08/18-19/ 13.3.19 തുക 75000

09/18-19/ 13.3.19 തുക 75000

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് പേരടങ്ങുന്ന നാല് വനിതാ ഗ്രൂപ്പുകൾക്ക് വിവിധ മേഖലകളിൽ ബാങ്ക് വായ്പയെടുത്ത് യൂണിറ്റ് ആരംഭിക്കുന്നതിനും യൂണിറ്റ് ആരംഭിച്ചതിന് ശേഷം സബ്സിഡി നൽകാനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആയത് പ്രകാരം ശ്രദ്ധ ആക്ടിവിറ്റി ഗ്രൂപ്പ്(ഫ്ലവർ മിൽ),

മുള്ളൂർക്കര, മേൻമ ഫുഡ് പ്രൊഡക്ട്സ്, ദേശമംഗലം(ബേക്കറി), ബ്യൂട്ടി ടെയ് ലറിംഗ് (ടെയ്‌ലറിംഗ് ), തെക്കുംകര, മച്ചാട് വസ്ത്ര ഗ്രാമം-3, തെക്കുംകര(ടെയ്‌ലറിംഗ്), എന്നീ ഗ്രൂപ്പുകൾക്ക് 150,000/- രൂപ വീതം 6,00,000/- രൂപ ബാക്ക് എൻഡ് സബ്സിഡിയായി ദേശമംഗലം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (മേൻമ ഫുഡ് പ്രൊഡക്ട്സ്)(അക്കൗണ്ട് നം.10736015020), യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, വടക്കാഞ്ചേരി (ബ്യൂട്ടി ടെയ്‌ലറിംഗ്)(അക്കൗണ്ട്നം.681502010005167), യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, വടക്കാഞ്ചേരി (മച്ചാട് വസ്ത്ര ഗ്രാമം-3)(അക്കൗണ്ട് നം.681502010004708), മുള്ളൂർക്കര വില്ലേജ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(ശ്രദ്ധ ആക്ടിവിറ്റി ഗ്രൂപ്പ്, മുള്ളൂർക്കര)(അക്കൗണ്ട് നം.10736028787) എന്നീ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (03/13.12.19) മേൻമ ഫുഡ് പ്രൊഡക്ട്സ്, മച്ചാട് വസ്ത്രഗ്രാമം-3, ബ്യൂട്ടി ടെയ്‌ലറിംഗ് എന്നീ ഗ്രൂപ്പുകൾ നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും ശ്രദ്ധ ആക്ടിവിറ്റി ഗ്രൂപ്പിന് ചില സാങ്കേതികകാരണങ്ങളാൽ ഫ്ലവർമിൽ ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നും അറിയിച്ചു. ഓഡിറ്റിന്റെ ഭാഗമായി 21.12.19 ന് ശ്രദ്ധ ആക്ടിവിറ്റി ഗ്രൂപ്പ് പ്രവർത്തനം ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സ്ഥലത്ത് പരിശോധന നടത്തുകയുണ്ടായി. ഫ്ലവർ മിൽ ആരംഭിക്കുന്നതിനായി കെട്ടിടം പണി പൂർത്തിയായി കെട്ടിടനമ്പർ ലഭിച്ചിട്ടുണ്ട്. വയറിംഗ്, യന്ത്രസാമഗ്രികളുടെ സ്ഥാപനം എന്നിവ ആരംഭിച്ചില്ല. അവശേഷിക്കുന്ന പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കി ഫ്ലവർ മിൽ ആരംഭിക്കുന്നതാണെന്ന് ഗ്രൂപ്പ് അംഗങ്ങൾ അറിയിച്ചു.

പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി പദ്ധതികൾ രൂപീകരിക്കുമ്പോൾ ധനസഹായം കൈമാറുക എന്നതിനുപരിയായി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-18 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികൾ മുഖേന തുക കൈമാറിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

1. പ്രൊജക്ട് നം.-45/19-ലൈഫ് മിഷൻ ഭവനം-എസ്.സി.പി.

ചെലവ് തുക- 20,80,000/- (ബിൽ നം23/18-19 തീയതി 24.11.18)

മേൽ പദ്ധതി പ്രകാരം തെക്കുംകര ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതമായി അനുവദിച്ച 20,80,000/- രൂപയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല.

2. പ്രൊജക്ട് നം.03/19- ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് വീട് (വികസനഫണ്ട് സാധാരണ വിഹിതം)

ചെലവ് തുക – 55,96,500/- (ബിൽ നം.09/18-19 തീയതി 15.10.18- 4641000/-

ബിൽ നം. 24/18-19 തീയതി 24.11.18- 955500/-)

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന ദേശമംഗലം, തെക്കുംകര, എരുമപ്പെട്ടി, വരവൂർ, മുള്ളൂർക്കര ഗ്രാമപഞ്ചായത്തുകൾക്ക് തുക അനുവദിച്ചതിൽ എരുമപ്പെട്ടി, മുള്ളൂർക്കര, വരവൂർ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

എരുമപ്പെട്ടി – 900900/-, മുള്ളൂർക്കര-928200/-, വരവൂർ-1037400/- (ആകെ 2866500)

മാത്രമല്ല മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ പ്രൊജക്ട് പ്രകാരം ബ്ലോക്ക് വിഹിതം ഉൾപ്പെടുത്താതെയാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നതെങ്കിലും, ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് 928200/- രൂപ നൽകിയിട്ടുണ്ട്. സംയുക്ത പ്രൊജക്ട് രൂപീകരണം

സംബന്ധിച്ച നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. ആയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.06/20.12.19)

ചെലവ് തുകയായ 49,46,500/-( 2080000 +2866500) രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 1-19 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് –സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്

പ്രൊജക്ട് നം. 121/19-

പ്രൊജക്ട് – ഐ.എ.വൈ- എസ്.സി മുൻവർഷങ്ങളിൽ പൂർത്തീകരിച്ചിട്ടുള്ള വീടുകൾക്ക് ധനസഹായം

ചെലവ് തുക – 280,000/- (ബിൽ നം. 43/18-19 തീയതി 05.02.19- 170,000/-

ബിൽ നം. 52/18-19 തീയതി 28.02.19- 20,000/-

ബിൽ നം. 60/18-19 തീയതി 18.03.19 – 40,000/-)

ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പ്രകാരം 2,30,000/- രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഉള്ളൂ. 50,000/- രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ലഭ്യമാക്കുന്നതുവരെ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-20 സ്കൂളിൽ മാതൃകാ കൃഷിത്തോട്ടം- പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി അസിസ്റ്റന്റ് ഡയറക്ടർ

പ്രൊജക്ട് നമ്പർ – 15/18-19

പ്രൊജക്ട് – സ്കൂളിൽ മാതൃകാത്തോട്ടം

വകയിരുത്തിയത് – 2,00,000/- (വികസന ഫണ്ട്)

ചെലവഴിച്ചത് – 2,00,000/- (ട്രഷറി ബിൽ നം.- 2/18-19/29.11.18 തുക-200000)

പ്രൊജക്ടിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും ഒന്നും തന്നെ അംഗീകാരം ലഭിച്ച പ്രോജക്ടിൽ രേഖപ്പെടുത്തി കാണുന്നില്ല. വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 29/09/2018 ലെ 2.3 നമ്പർ തീരുമാന പ്രകാരം ടി പ്രൊജക്ട് വടക്കാഞ്ചേരി അഗ്രോ സർവീസ് സെന്റർ വഴി നടപ്പാക്കുന്നതിന് കൃഷി അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഫയൽ പരിശോധിച്ചത് പ്രകാരം ബ്ലോക്ക് പ്രദേശത്തെ അഞ്ച് പഞ്ചായത്തുകളിൽ നിന്നുള്ള 20 ഗവൺമെന്റ് / എയ്ഡഡ് സ്കൂളുകൾക്ക് പോർട്ടിംഗ് & സെറ്റിംഗ് ചാർജ്ജ് (വിക്ക് & ഡ്രിപ്)-1400, ഇൻപുട്ട്സ് – 600, സ്കൂൾ ഗാർഡൻ റിസെറ്റിംഗ് – 8000/- ആകെ ഒരു സ്കൂളിന് 10000/- വീതം 2,00,000/- രൂപ വടക്കാഞ്ചേരി മോഡൽ അഗ്രോ സർവീസ് സെന്ററിന് മേൽ ബിൽ പ്രകാരം നൽകി. എന്നാൽ സ.ഉ.(എം.എസ്)നം.22/2018/തസ്വഭവ. തീയതി.14/02/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ഇത്തരത്തിലുള്ള പ്രൊജക്ടിനെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മേൽ പദ്ധതി നടപ്പിലാക്കാനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കിയ പദ്ധതിയുടെ 2,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നമ്പർ-9/20.12.19)

# 1-21 പാലിന് സബ്സിഡി - അപാകതകൾ

പദ്ധതി. നം. 2/19- ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി
നിർവ്വഹണ ഉദ്യോഗസ്ഥൻ- ഡയറി എക്സ്റ്റൻഷൻ ഓഫീസർ
പദ്ധതി അടങ്കൽ- 10,00,000 രൂപ
ചെലവ് – 10,00,000 രൂപ (ട്രഷറി ബിൽ നം .02/18-19/19.08.18)

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം. 22/2018/ തസ്വഭവ തീ.14.02.18) പ്രകാരം ക്ഷീര സംഘങ്ങളിൽ നൽകുന്ന ഒരു ലിറ്റർ പാലിന് പരമാവധി 4 രൂപ തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം. (ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ) പക്ഷേ പദ്ധതി പ്രകാരം ഡിപ്പാർട്ട്മെന്റ് വിഹിതം ഉൾപ്പെടുത്താതെ ഒരു ലിറ്ററിന് സബ്സിഡി തുക 4 രൂപ പൂർണ്ണമായും വികസന ഫണ്ടിൽ നിന്നും വകയിരുത്തി താഴെ പറയും പ്രകാരം 10,00,000 രൂപ വിവിധ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട് .

| ക്രമ നം. | ഗ്രാമ പഞ്ചായത്ത് | അനുവദിച്ച വിഹിതം |
|---|---|---|
| 1 | ദേശമംഗലം | 100000 |
| 2 | എരുമപ്പെട്ടി | 100000 |
| 3 | മുള്ളൂർക്കര | 200000 |
| 4 | തെക്കുംകര | 300000 |
| 5 | വരവൂർ | 300000 |
| | ആകെ | 1000000 |

മേൽ പഞ്ചായത്തുകളിൽ പദ്ധതി രൂപീകരിച്ചിരിക്കുന്നത് ലിറ്ററിന് 4 രൂപ നിരക്കിൽ വികസന ഫണ്ടിൽ നിന്നും നൽകുന്ന രീതിയിലാണ്. ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും 4 രൂപ നിരക്കിൽ നൽകിയിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചുറപ്പു വരുത്തേണ്ടതാണ്.അതോടൊപ്പം ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം.02/13.12.19)

# 1-22 ജൈവവള നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം- പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല

പ്രോജക്ട് നമ്പർ – 25/19- ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്ന യൂണിറ്റ്
നിർവ്വഹണ ഉദ്യോഗസ്ഥൻ- ഡയറി എക്സ്റ്റൻഷൻ ഓഫീസർ
പദ്ധതി അടങ്കൽ – 30,000 രൂപ
ചെലവ് – 30,000 രൂപ (ട്രഷറി ബിൽ നം .03/18-19/28.02.19)
ഗുണഭോക്താക്കൾ ചാണകം ഉണക്കിപ്പൊടിച്ച് അരിച്ച് കവറിലാക്കി തൂക്കി ഇക്കോഷോപ്പ്/ ക്ഷീരസംഘം വഴി വിതരണം നടത്തുന്നതിലേക്കായി ആവശ്യം വേണ്ട യന്ത്രസാമഗ്രികൾ വാങ്ങുക, രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ചെലവഴിക്കുന്ന തുകയുടെ 50 ശതമാനം പരമാവധി 10000 രൂപ ധനസഹായമായി അനുവദിച്ചു നൽകുക എന്നതാണ് പ്രൊജക്ടിന്റെ ലക്ഷ്യവും പ്രവർത്തനങ്ങളും. ഈ പദ്ധതി പ്രകാരം ശ്രീമതി.കോമളം, ശ്രീമതി.രതി, ശ്രീമതി.സുജാത എന്നിവർക്ക് ചാണകം

ഉണക്കിപ്പൊടിച്ച് അരിച്ച് കവറിലാക്കി വിതരണം നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങിയതിന് ധനസഹായമായി 10,000/- രൂപ വീതം ചെലവ് വൗച്ചറുകളുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.02/13.12.19) മറുപടിയായി പദ്ധതിയുടെ ഗുണഭോക്താക്കളായ ശ്രീമതി.സുജാത, ശ്രീമതി.രതി എന്നിവരോട് അന്വേഷിച്ചതിന്റെ അടിസ്ഥാനത്തിൽ ഉണക്കച്ചാണകത്തിന് മാർക്കറ്റ് ഇല്ലാത്തതിനാൽ 2019 മെയ് മാസത്തിന് ശേഷം പദ്ധതി താത്ക്കാലികമായി തുടരുന്നില്ല എന്നും മാർക്കറ്റ് ഉണ്ടെങ്കിൽ തുടരുവാൻ താല്പര്യമുണ്ടെന്നും അറിയിച്ചതായി ക്ഷീര വികസന ഓഫീസർ അറിയിച്ചു.

ജൈവവള നിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുക എന്നതിലുപരിയായി ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ വളം ശരിയായ രീതിയിൽ വിപണനം നടത്തുക കൂടി ചെയ്താൽ മാത്രമേ പദ്ധതി ഫലപ്രാപ്തിയിൽ എത്തുകയുള്ളൂ. അല്ലാത്ത പക്ഷം പദ്ധതിക്കായി ചെലവഴിക്കുന്ന പണം പാഴ് ചെലവായി മാറുന്നതാണ്. ആയതിനാൽ ജൈവ വള നിർമ്മാണ യൂണിറ്റുകൾക്ക് ആവശ്യമായ വിപണന സൗകര്യം കൂടി ഒരുക്കിക്കൊടുത്ത് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 ക്ഷീര ഗ്രാമം - പദ്ധതി രൂപീകരണത്തിലെയും നടത്തിപ്പിലെയും അപാകതകൾ

2018-19 വർഷത്തിൽ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പാലുല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ: സീനിയർ വെറ്ററിനറി സർജൻ

| ക്രമനമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | 2018-19 വർഷത്തിൽ വകയിരുത്തിയ തുക | 2018-19 വർഷത്തിൽ ചെലവഴിച്ച തുക | ട്രഷറി ബിൽ നമ്പർ/തീയതി, തുക |
|---|---|---|---|---|---|
| 1 | 69/19 | ക്ഷീരഗ്രാമം(സ്പിൽ ഓവർ) | 25,64,800<br>(പദ്ധതി അടങ്കൽ – 48,14,800/-,<br>2017-18 വർഷം ചെലവഴിച്ചത്-22,50,000/-) | 25,64,800 | 1. ട്രഷറി ബിൽ നം.02/18-19 തീയതി21-05-18, തുക-18,14,800/-<br>2. ട്രഷറി ബിൽ നം.04/18-19 തീയതി 27-10-18 തുക -7,50,000/- |
| 2 | 132/19 | ക്ഷീരഗ്രാമം(പുതിയത് ) | 4,70,000/- | 2,25,000/- | 1. ട്രഷറി ബിൽ നം.18/18-19 തീയതി 18-03-19, തുക-75000/-<br>2. ട്രഷറി ബിൽ നം.19/18-19 തീയതി 18-03- |

| | | | | | |
|---|---|---|---|---|---|
| | | | | | 19,<br>തുക-75000/-<br>3. ട്രഷറി ബിൽ നം.25/18-19 തീയതി 21-03-19,<br>തുക-75000/- |
| ആകെ | | | 30,34,800/- | 27,89,800/- | |

മേൽ പദ്ധതികളുടെ പരിശോധനയിൽ പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും കാണപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

(എ) <u>പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം</u>

2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലും 2018-19 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖയിലും (സ.ഉ.(എം.എസ്)22/2018 തീയതി.14.02.2018) കറവയുള്ള പശു/കറവയുള്ള എരുമ എന്നിവയ്ക്ക് വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിന് പ്രൊജക്ട് ഏറ്റെടുക്കാവുന്നത് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമാണ്. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അഞ്ച് പേരടങ്ങുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പശുവൊന്നിന് 15000/- രൂപ വീതം അഞ്ച് കറവപ്പശുക്കളെ വാങ്ങുന്നതിന് 75000/- രൂപ വായ്പാബന്ധിതമായി സബ്സിഡി നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിരിക്കുന്നത്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 17.01.2018 ൽ ചേർന്ന യോഗത്തിന്റെ 4.42 തീരുമാനപ്രകാരം 64 വനിതാ ഗ്രൂപ്പുകൾക്ക് പശുക്കളെ നൽകുന്നതിന് 48,14,800/- രൂപ അടങ്കലായി തയ്യാറാക്കിയ പദ്ധതി നടപ്പാക്കാൻ അനുമതി നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മാത്രമല്ല 2018-19 വർഷം മൂന്ന് വനിതാഗ്രൂപ്പുകൾക്ക് പശുവിനെ വാങ്ങുന്നതിന് ധനസഹായം അനുവദിച്ച പ്രൊജക്ട് നമ്പർ 132/19 എന്ന പദ്ധതിക്ക് സർക്കാർ സാധൂകരണം ലഭിച്ചിട്ടില്ല.

(ബി) <u>ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിലെ സുതാര്യതയില്ലായ്മ</u>

2017-18 ലെ പ്രൊജക്ട് നമ്പർ 82/18 പ്രകാരം 64 ഗ്രൂപ്പുകൾക്ക് 75000 രൂപ വീതം 48,00,000 രൂപ സബ്സിഡിക്കായി വകയിരുത്തിയിരുന്നു. 2017-18 വർഷത്തിൽ അഞ്ച് പേരടങ്ങുന്ന 30 ഗ്രൂപ്പുകൾക്കും, 2018-19 വർഷത്തിൽ അഞ്ച് പേരടങ്ങുന്ന 34 ഗ്രൂപ്പുകൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ധനസഹായം അനുവദിക്കപ്പെട്ട വനിത ഗ്രൂപ്പുകളുടെ തിരഞ്ഞെടുപ്പ് നടന്നത് എപ്രകാരമാണെന്ന് വ്യക്തമല്ല. ബ്ലോക്ക് പഞ്ചായത്ത് അടക്കമുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത് ഗ്രാമസഭയാണ്. ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമസഭ വിളിച്ചു കൂട്ടാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ വഴി തെരഞ്ഞെടുപ്പ് പ്രക്രിയ നടത്തുകയും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക ബ്ലോക്ക് പഞ്ചായത്തിന് / ജില്ലാ പഞ്ചായത്തിന് കൈമാറുകയും ചെയ്യേണ്ടതാണ്. എന്നാൽ ഫയലിൽ ഉള്ള ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാന പ്രകാരം മേൽ 64 ഗ്രൂപ്പുകളെ അംഗീകരിച്ച് നൽകിയത് 22/06/2018 ലെ 2.6 (54 ഗുണഭോക്തൃ ഗ്രൂപ്പുകൾ), 2.8 (10 ഗുണഭോക്തൃ ഗ്രൂപ്പുകൾ) തീരുമാനങ്ങൾ പ്രകാരമാണ്. ബ്ലോക്ക് പഞ്ചായത്ത് തീരുമാന പ്രകാരം (തീരുമാനം നമ്പർ – 2.6 / 22.06.18) "2017 -18 ലെ 82 -ാം നമ്പ്ര പ്രൊജക്ട് ആയ ക്ഷീരഗ്രാമം നടപ്പാക്കിയതിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥനായ സീനിയർ വെറ്റിനറി സർജൻ പശു വളർത്തലിന് ധനസഹായം നൽകിയ

താഴെപ്പറയുന്ന ഗ്രൂപ്പുകളെ അംഗീകരിക്കുവാൻ യോഗം ഐകകണ്ഠ്യേന തീരുമാനിച്ചു."എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതായത് ധനസഹായം അനുവദിച്ച് കഴിഞ്ഞാണ് ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കപ്പെട്ടത്. ഈ സാഹചര്യത്തിൽ പദ്ധതി നിർവ്വഹണ സമയത്ത് ധനസഹായം നൽകേണ്ട ഗുണഭോക്താക്കൾ തിരഞ്ഞെടുക്കപ്പെട്ടത് എപ്രകാരമാണെന്ന് വ്യക്തമല്ല. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല (ഓഡിറ്റ് അന്വേഷണം നം. 07/20.12.19, 13/21.12.19).

**പദ്ധതി നടത്തിപ്പിലെയും രേഖകളുടെ സൂക്ഷിപ്പിലെയും മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.**

(സി) ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ വായ്പ അക്കൗണ്ടിന്റെ പാസ്സ്ബുക്ക് / പാസ്ബുക്ക് പകർപ്പ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ ട്രഷറി ബിൽ പ്രകാരമുള്ള അക്കൗണ്ട് നമ്പറുകളുടെ കൃത്യത പരിശോധിക്കാനോ വായ്പ തിരിച്ചടവ് പരിശോധിക്കുന്നതിനോ സാധിച്ചിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നെങ്കിലും (ഓഡിറ്റ് അന്വേഷണം 7/20.12.19) പാസ്ബുക്കുകൾ ലഭ്യമാക്കിയില്ല.

(ഡി) ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ പേരിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ടുകളിലേക്കാണ് സബ്സിഡി തുക കൈമാറ്റം ചെയ്തിരിക്കുന്നത്. തുടർന്ന് സബ്സിഡി തുകയും ബാങ്ക് വായ്പയും അടക്കമുള്ള തുക ഉരുക്കളെ വിറ്റയാളുകളുടെ പേരിൽ ചെക്കായി ബാങ്ക് നൽകുന്നു. പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം (സ.ഉ.(കൈ)നം.11/2018/തസ്വഭവ. തീയതി.29.01.2018) വായ്പാബന്ധിത പ്രൊജക്ടുകളിൽ ബാക്ക് എൻഡഡ് സബ്സിഡി നൽകുന്ന രീതിയാണ് അവംലബിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതികളിൽ ആയത് പാലിച്ചിട്ടില്ല.

(ഇ) പദ്ധതി മാർഗ്ഗരേഖ പ്രകാരം പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ചെയർമാനായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്നുള്ള അഞ്ച് പേർ അംഗങ്ങളായിട്ടുള്ള കമ്മറ്റി ആയിരിക്കണം പശുക്കളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാവുന്നതാണ്. പ്രായം, ഗുണനിലവാരം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള പർച്ചേസ് കമ്മറ്റി രൂപീകരിച്ചിട്ടില്ല.

(എഫ്) ഒരേ കുടുംബത്തിൽ നിന്നുള്ള വ്യക്തികൾക്ക് തന്നെ സബ്സിഡി തുക അനുവദിച്ചിരിക്കുന്നു. തെക്കുംകര ഗ്രാമപഞ്ചായത്തിലെ അമ്മിണി ജെ.എൽ.ജെ യിൽ ഉൾപ്പെട്ട പ്രേമ, ചങ്ങാലിൽ (റേഷൻകാർഡ് നം.1842098346) എന്നവർക്കും വസുദേവ ജെ.എൽ.ജി ൽ ഉൾപ്പെട്ട ടിയാരിയുടെ മകൾ ആയ അനിത ചങ്ങാലിൽ(റേഷൻകാർഡ് നം.1842098346) എന്നവർക്കും പ്രൊജക്റ്റ് നം.69/19 പ്രകാരം 15000/- രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കിയില്ല.

(ജി) പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ മാർഗ്ഗരേഖപ്രകാരമുള്ള വാങ്ങൽ കമ്മിറ്റിക്ക് പശുക്കളെ വാങ്ങാമെന്നിരിക്കെ താഴെ പറയുന്ന ജെ.എൽ.ജി കൾ പശുക്കളെ

വാങ്ങിയിരിക്കുന്നത് ഗ്രൂപ്പിലെ അംഗങ്ങളുടെ കുടുംബാംഗങ്ങളിൽ നിന്നാണ് എന്ന് ഗുണഭോക്താവിന്റെ റേഷൻ കാർഡ് വിവരങ്ങളിൽ നിന്ന് വ്യക്തമാകുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പിന്റെ പേര് | ഗ്രൂപ്പിലെ അംഗത്തിന്റെ പേര്/റേഷൻ കാർഡ് നമ്പർ | പശുക്കളെ വിറ്റ ആളുകളുടെ പേര് | റിമാർക്സ് |
|---|---|---|---|---|
| 1 | നന്ദിനി ജെ.എൽ.ജി , തെക്കുംകര | സീത എ.കെ, തറയിൽ ഹൗസ്, പുന്നംപറമ്പ് (1842122217) | സദാനന്ദൻ.ടി.കെ., തറയിൽ ഹൗസ്, പുന്നംപറമ്പ് | സീത എ.കെ.യുടെ ഭർത്താവിന്റെ പേരും വിലാസവും, പശുക്കളെ വിറ്റ ആളിന്റെ പേരും വിലാസവും ഒന്നു തന്നെയാണ്. |
| 2 | കീർത്തി ജെ.എൽ.ജി | ജയന്തി, പണ്ടാരത്തിൽ വീട്, മണലിത്തറ (1842055318) | സുരേന്ദ്രൻ.പി.എൻ., പണ്ടാരത്തിൽ വീട്, മണലിത്തറ | ജയന്തിയുടെ ഭർത്താവിന്റെ പേരും വിലാസവും, പശുക്കളെ വിറ്റ ആളിന്റെ പേരും വിലാസവും ഒന്നു തന്നെയാണ്. |
| 3 | ഉദയം ജെ.എൽ.ജി | പ്രമീള.വി.വി., ഊറ്റുക്കുഴിയിൽ (1842124074) | സുബ്രഹ്മണ്യൻ.യു.കെ., ഊറ്റുക്കുഴിയിൽ, വരവൂർ | പ്രമീള.വി.വി.യുടെ ഭർത്താവിന്റെ പേരും വിലാസവും, പശുക്കളെ വിറ്റ ആളിന്റെ പേരും വിലാസവും ഒന്നുതന്നെയാണ്. |
| 4 | ഗോമതി.ജെ.എൽ.ജി | ഷീജ ബേബി, ചക്കാലക്കൽ വീട്, നാലാംകോട് (1842101048) | ബേബി.സി.എം., ചക്കാലക്കൽ വീട്, നാലാം കോട്, മണലിത്തറ | ഷീജ ബേബിയുടെ ഭർത്താവിന്റെ പേരും വിലാസവും, പശുക്കളെ വിറ്റ ആളിന്റെ പേരും വിലാസവും ഒന്നു തന്നെയാണ്. |
| 5 | ഗംഗാ ജെ.എൽ.ജി | ലേഖ, മങ്കാത്ത് (1842057305) | ചന്ദ്രൻ, മങ്കാത്ത്, കാഞ്ഞിരക്കോട്, കുമരനെല്ലൂർ | ലേഖയുടെ പേര് റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ലേഖയുടെ ആധാർ നം.408845850783 പ്രകാരം ചന്ദ്രൻ മങ്കാത്തിന്റെ ഭാര്യയാണ് ലേഖ. |
| 6 | ധനശ്രീ.ജെ.എൽ,ജി | ശോഭന | ഗോപി, | ശോഭന, |

| | | | | |
|---|---|---|---|---|
| | | പുത്തൻപുരയ്ക്കൽ (1842057107) | പുത്തൻപുരയ്ക്കൽ | പുത്തൻപുരയ്ക്കലിന്റെ ഭർത്താവിന്റെ പേരും വിലാസവും, പശുക്കളെ വിറ്റ ആളിന്റെ പേരും വിലാസവും ഒന്നു തന്നെയാണ്. |
| 7 | അൽ അമീൻ, മുള്ളൂർക്കര | ചിത്ര.വി.പി. വട്ടക്കേറ്റിൽ ഹൗസ് (1842136272) | വിജയകുമാരി, വട്ടക്കേറ്റിൽ ഹൗസ് | ചിത്ര.വി.പി.യുടെ അമ്മയുടെ പേരും വിലാസവും, പശുക്കളെ വിറ്റ ആളിന്റെ പേരും വിലാസവും ഒന്നു തന്നെയാണ്. |

(എച്ച്) സബ്സിഡി മാർഗ്ഗരേഖ പ്രകാരം വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഉരുക്കളെ വാങ്ങുന്നതിന് സബ്സിഡി നൽകുമ്പോൾ ഉരുക്കളെ 3 വർഷമെങ്കിലും വളർത്തുമെന്ന് കരാർ വെക്കേണ്ടതും ഉരുക്കളെ ഇൻഷ്വർ ചെയ്യേണ്ടതുമാണ്. എന്നാൽ ഫയലുകൾ പ്രകാരം പല ഗുണഭോക്തൃ ഗ്രൂപ്പുകളുമായും കരാർ വെച്ചിട്ടില്ല. കരാർ വച്ചവയിൽത്തന്നെ ഒരു കരാറിലും സബ്സിഡി വാങ്ങുമ്പോൾ പാലിക്കേണ്ടതായ വ്യവസ്ഥകൾ വ്യക്തമായി എഴുതിച്ചേർത്തിട്ടില്ല. പല ഫയലുകളിലും ഉരുക്കളെ ഇൻഷ്വർ ചെയ്തതായ രേഖകൾ ഇല്ല. ഗുണഭോക്താക്കളുടെ റേഷൻ കാർഡിന്റെ പകർപ്പ് മുതലായ രേഖകൾ ഇല്ല. ഉരുക്കളെ വിറ്റ ആളുകളുടെ പേരുവിവരങ്ങൾ ഇല്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. അപാകതകൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പിന്റെ പേര് | അപാകതകൾ |
|---|---|---|
| 1 | കൃഷ്ണ | കരാർ ഇല്ല |
| 2 | സുപ്രിയ | ഗ്രൂപ്പിലെ അംഗമായ ശ്രീമതി.ഷമീറ W/o യൂസഫ്, ഇലക്ഷൻ ഐഡന്റിറ്റി കാർഡ് പ്രകാരം പഴയന്നൂർ പഞ്ചായത്തിൽപ്പെട്ടയാളാണ്. ഫാത്തിമ, ഹസീന, ലക്ഷ്മീദേവി എന്നിവരുടെ റേഷൻ കാർഡ് പകർപ്പ് ഇല്ല. ഉരുക്കളെ വിറ്റയാളുടെ പേരുവിവരങ്ങൾ ഇല്ല |
| 3 | ഒരുമ | കരാർ ഇല്ല |
| 4 | ഗോമാതാ | കരാർ ഇല്ല |
| 5 | തേജസ്സ് | കരാർ ഇല്ല, പശുക്കളെ നൽകിയ ആളിന്റെ പേരുവിവരങ്ങൾ ഇല്ല |
| 6 | ആശ്രയ | കരാർ ഇല്ല, ഇൻഷ്വറൻസ് രേഖകൾ ഇല്ല |
| 7 | ഗോമതി | ഇൻഷ്വറൻസ് രേഖകൾ ഇല്ല |
| 8 | ജനനി | പശുക്കളെ നൽകിയ ആളിന്റെ പേരുവിവരങ്ങൾ ഇല്ല, കരാർ ഇല്ല, ഇൻഷ്വറൻസ് ഇല്ല |

(ഐ) മേൽ രണ്ട് പ്രൊജക്ടുകളിലും ഉൾപ്പെടുത്തി 67 ജെ.എൽ.ജി.കൾക്ക് 335 പശുക്കളെ വാങ്ങുന്നതിന് വികസന ഫണ്ടിൽ നിന്നും 2017-18, 2018-19 വർഷങ്ങളിൽ 50,25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം ജെ.എൽ.ജി കളിൽ രണ്ടെണ്ണമൊഴികെ ബാക്കി എല്ലാവരും പശുക്കളെ വാങ്ങിയിരിക്കുന്നത് വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ നിന്നാണ്. ഈ സാഹചര്യത്തിൽ മേൽ പദ്ധതികൾ നടപ്പാക്കിയതു മൂലം ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകളിൽ കറവപ്പശുക്കളുടെ എണ്ണം കൂട്ടുകയും അതുവഴി "വടക്കാഞ്ചേരി ബ്ലോക്ക് പരിധിയിലെ വിവിധ പഞ്ചായത്തുകളിൽ ശുദ്ധമായ പാലുല്പാദനം വർദ്ധിപ്പിക്കുക" എന്ന പദ്ധതി ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നം.07/20.12.19)ത്തിന് മറുപടി നൽകിയില്ല.

ആയതിനാൽ പദ്ധതി രൂപീകരണത്തിലെയും നടത്തിപ്പിലെയും മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുകയും ആവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്യുന്നതു വരെ 2018-19 വർഷത്തിൽ മേൽ രണ്ട് പദ്ധതികളിലുമായി 27,89,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-24 മലബാറി ആട് നഗരം - പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപടിക്രമങ്ങൾ പാലിക്കാതെ നടപ്പിലാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ- സീനിയർ വെറ്ററിനറി സർജൻ

പ്രൊജക്ട് നമ്പർ-61/19

അടങ്കൽ – 36,00,000/- (വികസന ഫണ്ട്-18,00,000/-, മറ്റുള്ളവ-18,00,000/-)

ചെലവഴിച്ചത് – 15,75,000/- (വികസന ഫണ്ട്)

മേൽ പദ്ധതി പ്രകാരം അഞ്ച് പേരടങ്ങുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പിന് ഒരാൾക്ക് 3 ആട് എന്ന തോതിൽ 15 ആടുകളെ നൽകുന്നു. ഒരാടിന് 6000/- രൂപ വില നിശ്ചയിച്ച് 50% സബ്സിഡി (3000/-) രൂപ അനുവദിക്കുന്നു. ഒരു ഗ്രൂപ്പിന് 15 * 3000=45000/- രൂപ സബ്സിഡി അനുവദിക്കുന്നു. 2018-19 വർഷത്തിൽ 35 ജെ.എൽ.ജി.കൾക്ക് 525 ആടുകളെ വാങ്ങുന്നതിനായി 15,75,000/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വായ്പാബന്ധിത പദ്ധതിയായി നടപ്പാക്കിയിരിക്കുന്നു. ടി പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(എ) 2018-19 ലെ സബ്സിഡി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്) 22/2018 തീയതി 14.02.2018) പ്രകാരം പെണ്ണാട് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ഏറ്റെടുക്കുന്നതിന് അനുമതിയുള്ളത് ഗ്രാമപഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കുമാണ്. മാത്രമല്ല ടി ആനുകൂല്യം വ്യക്തിഗത ആനുകൂല്യമായാണ് വിതരണം ചെയ്യേണ്ടത്. മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത് സംബന്ധിച്ച് വിശദീകരണം നൽകുകയോ സാധൂകരണ ഉത്തരവ് ലഭ്യമാക്കുകയോ ചെയ്തില്ല.

(ബി) പദ്ധതി മാർഗ്ഗരേഖ പ്രകാരം പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ചെയർമാനായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്നുള്ള അഞ്ച് പേർ അംഗങ്ങളായിട്ടുള്ള കമ്മറ്റി ആയിരിക്കണം ഉരുക്കളെ വാങ്ങേണ്ടത്.

പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാവുന്നതാണ്. പ്രായം, ഗുണനിലവാരം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. മേൽ നടപടികൾ പാലിച്ചതായുള്ള രേഖകൾ ഫയലിൽ ഇല്ല.

(സി) 35 ഗ്രൂപ്പുകൾക്കായി 525 ആടുകളെ വാങ്ങിയിരിക്കുന്നത് വരന്തരപ്പിള്ളി ആടുകർഷക സൊസൈറ്റിയിൽ നിന്നാണ്. വാങ്ങലിനായി സബ്സിഡിയടക്കം 31,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത്രയും തുകയുള്ള വാങ്ങലുകൾ നടത്തുമ്പോൾ പാലിക്കേണ്ടതായ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും (ഓഡിറ്റ് അന്വേഷണം നമ്പർ-08/20.12.19) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കുന്നത് വരെ മേൽ പദ്ധതിക്കായി ചെലവഴിച്ച 15,75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-25 വികസന ഫണ്ട് നഷ്ടപ്പെടുന്നു

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുമുള്ള ബഡ്ജറ്റ് വിഹിതം സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിൽ നിലനിർത്തുകയും ആവശ്യാനുസരണം ബിൽ തയ്യാറാക്കി പിൻവലിക്കുകയും ചെയ്യുന്ന സംവിധാനം നിലനിൽക്കുന്നതിനാൽ വർഷാവസാനം വലിയൊരു തുക സ്ഥാപനത്തിന് നഷ്ടപ്പെടുന്നതായി കാണുന്നു. പദ്ധതികൾ നടപ്പാക്കുന്നതിലെ കാലതാമസത്തിനാലും പദ്ധതികൾ അംഗീകാരം വാങ്ങിയതിന് ശേഷം ഉപേക്ഷിക്കുന്നതിനാലും പദ്ധതിപ്പണം ലാപ്സാകുന്നു. 2018-19 വർഷം ബ്ളോക്ക് പഞ്ചായത്തിന് വികസന ഫണ്ട് ബഡ്ജറ്റ് വിഹിതം 5,34,17,740 രൂപ ലഭിച്ചതിൽ ചെലവഴിച്ചത് 4,77,76,718 രൂപയാണ്. 56,41,022/- രൂപ ലാപ്സായതായി കാണുന്നു. നടപ്പാക്കാനാവുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ആയത് സമയ പരിധിക്കുള്ളിൽ നിർവ്വഹിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# 1-26 വിവിധ ഡെപ്പോസിറ്റ് പ്രവർത്തികൾ - പൂർത്തീകരണം സംബന്ധിച്ച്

2018-19 വർഷം താഴെപറയുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനായി ട്രഷറി ബിൽ പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്. എന്നാൽ തുക കൈമാറിയതിന്റെ രേഖകൾ, കൈപ്പറ്റ് രസീതി, എഗ്രിമെന്റ് എന്നിവ ഫയലിൽ ലഭ്യമല്ല. പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവയും ലഭ്യമാക്കിയതായി കാണുന്നില്ല.

| ക്രമനം. | പ്രോജക്ട് | ഡെപ്പോസിറ്റ് ചെയ്ത തുക | ബിൽനം, തിയതി |
|---|---|---|---|
| 1 | മുട്ടിക്കൽ കോളനി കുടിവെള്ളപദ്ധതി | 500000 | 9/18-19, 30.10.18 |
| | ” | 219700 | 18/18-19, 22.3.19 |
| | | | |

| | | | |
|---|---|---|---|
| 2 | പട്ടാറ കുടിവെള്ളപദ്ധതി | 500000 | 3/18-19, 31.7.18 |
| | ” | 200000 | 13/18-19, 27.11.18 |
| 3 | കൊണ്ടയൂർകുന്ന് കുടിവെള്ളപദ്ധതി | 1000000 | 10/18-19, 30.10.18 |
| 4 | പറക്കുന്നത്ത് കുടിവെള്ളപദ്ധതി | 500000 | 2/18-19, 31.7.18 |
| | ആകെ തുക | 29,19700 | |

മുൻ വർഷങ്ങളിൽ കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കേരള ജല അതോറിറ്റി എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുക പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ആരാഞ്ഞു എങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികളുടെ പേര് ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്ട് | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|
| 1 | കൊരട്ടിയംകുന്ന് കുടിവെള്ളപദ്ധതി | 900000 |
| 2 | തൃക്കണപതിയാരം കുടിവെള്ളപദ്ധതി | 500000 |
| 3 | കൃഷ്ണൻപടി കുടിവെള്ളപദ്ധതി | 500000 |
| 4 | അയ്യപ്പൻകാട് കുടിവെള്ളപദ്ധതി | 500000 |
| 5 | മുട്ടിക്കൽ കോളനി കുടിവെള്ളപദ്ധതി | 500000 |
| 6 | താന്ന്യംകാട് കുടിവെള്ളപദ്ധതി | 500000 |
| 7 | ചിറ്റണ്ട കുടിവെള്ളപദ്ധതി | 500000 |

പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ആയത് ഹാജരാക്കുന്നത് വരെ (2018-19 വർഷത്തെ ചെലവ് തുക) 29,19,700/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 11/21.12.19)

# 1-27 ഡെപ്പോസിറ്റ് പ്രവൃത്തി-മുടങ്ങി കിടക്കുന്ന

# തുക മറ്റു പ്രവൃത്തികൾക്കുവേണ്ടി ചെലവഴിക്കുന്നു

കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക ഡെപ്പോസിറ്റ് ചെയ്ത് പൂർത്തീകരിച്ച പ്രവർത്തികളിൽ ഫൈനൽ ബിൽ പ്രകാരം ചെലവ് കഴിച്ച് ബാക്കി തുക ബ്ലോക്ക് പഞ്ചായത്തിന് കൈമാറാതെ മറ്റു പ്രവർത്തികൾക്കുവേണ്ടി ചെലവഴിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രവർത്തി പൂർത്തീകരിച്ച് തുക ബാക്കി നിൽക്കുന്ന പ്രോജക്ടുകൾ | അവശേഷിക്കുന്ന തുക | തുക വിനിയോഗിക്കുന്ന മറ്റു പദ്ധതികൾ | ക്രമീകരിച്ച തുക |
|---|---|---|---|
| പഴയന്നൂർ പാടം കുടിവെള്ളപദ്ധതി | 461154 | കൊരട്ടിയാംകുന്ന കുടിവെള്ളപദ്ധതി | 96311 |
| | | എരുമപ്പെട്ടി സി.എച്ച്.സി കുടിവെള്ളപദ്ധതി | 70942 |
| | | കൃഷ്ണൻപടി കുടിവെള്ളപദ്ധതി | 206260 |
| | | കൊടുമ്പ് കുടിവെള്ളപദ്ധതി | 69724 |
| | | പാലംകുന്ന് കുടിവെള്ളപദ്ധതി | 13706 |
| മുട്ടിക്കൽ കുടിവെള്ളപദ്ധതി | 237566 | കൊരട്ടിയാംകുന്ന കുടിവെള്ളപദ്ധതി | 171066 |
| | | ആറ്റുപുറം കുടിവെള്ളപദ്ധതി | 66500 |
| കൊടക്കണ്ടത്ത് കുടിവെള്ളപദ്ധതി | 474889 | ആറ്റുപുറം കുടിവെള്ളപദ്ധതി | 399742 |
| | | കൊടുമ്പ് കുടിവെള്ളപദ്ധതി | 75147 |
| തൃക്കണപതിയാരം കുടിവെള്ളപദ്ധതി | 213332 | എരുമപ്പെട്ടി സി.എച്ച്.സി കുടിവെള്ളപദ്ധതി | 213332 |
| അയ്യപ്പൻകാട് കുടിവെള്ളപദ്ധതി | 610 | പാലംകുന്ന് കുടിവെള്ളപദ്ധതി | 610 |

ഒരു പ്രോജക്ടിന് അധിക തുക ആവശ്യമായി വന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അതുപ്രകാരം എഗ്രിമെന്റ് വെച്ച മാത്രമേ തുക ചെലവഴിക്കാവൂ എന്ന മാർഗ്ഗനിർദേശത്തിന് എതിരാണ് ഇപ്രകാരം ചെയ്യുന്നത്. പല പ്രവർത്തികളിലും എസ്റ്റിമേറ്റിനേക്കാൾ വലിയ അന്തരം വരുന്നതായി കാണുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതയാണ് ഇപ്രകാരം സംഭവിക്കുന്നതിന് ഇടയാക്കുന്നത്. സർക്കാർ മാർഗ്ഗനിർദേശം പാലിച്ചുകൊണ്ട് പ്രോജക്ട് നടപ്പാക്കുന്നതിനും എഗ്രിമെന്റ് വെച്ച മാത്രം തുക കൈമാറുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.11/21.12.19 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-28 5 ലക്ഷം രൂപയിൽ താഴെ അടങ്കലുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നത് സംബന്ധിച്ച്

സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 183/07/ത.സ്വ.ഭ.വ., തിയതി 24.7.2007 പ്രകാരം അടങ്കൽ തുക 5 ലക്ഷം രൂപയിൽ താഴെയുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുവാൻ പാടുള്ളതല്ല. എന്നാൽ 2018-19 ൽ 9 പ്രോജക്ടുകൾ ഇപ്രകാരം ഏറ്റെടുത്തതായി കാണുന്നു. സർക്കാർ മാർഗ്ഗനിർദേശം പാലിക്കാതെ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- ..

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - തുക അധികമായി അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടിക ജാതി വികസന ഓഫീസർ

പ്രൊജക്ട് – പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം (നം.06/19)

മേൽ പദ്ധതിക്കായി 23,20,000/- രൂപ താഴെ പറയും പ്രകാരം എസ്.സി.പി ഫണ്ടിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

ട്രഷറി ബിൽ നം. 01/18-19/ 30.10.18, തുക-6,40,000

02/18-19 /19.11.18, – 8,60,000

03/18-19 / 18.01.19, – 5,10,000

04/18-19 / 29.01.19, – 3,10,000

സ.ഉ.(കൈ)നം.22/18/തസ്വഭവ തീയതി 14.02.18 ഖണ്ഡിക 7.2.5 പ്രകാരം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഓരോ കോഴ്സിനും അനുവദിക്കാവുന്ന തുകകളെ കുറിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ആയത് പ്രകാരം പോളിടെക്നിക്ക് കോഴ്സിനും ബിരുദ കോഴ്സിനും അനുവദിക്കാവുന്ന വാർഷിക സ്കോളർഷിപ്പ് തുക 20,000/- രൂപ വീതമാണ്. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് 30,000/- രൂപ വീതം വാർഷിക സ്കോളർഷിപ്പായി അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേരും വിലാസവും | കോഴ്സ് | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | അഭിലാഷ്.എം.സി., കാർമ്മൽ ഹൗസ്, പിലാക്കാട് | ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് | 20000 | 30000 | 10000 |
| 2 | അഭിജിത് എം.എ, മടക്കാട്ട് വളപ്പിൽ, ദേശമംഗലം | ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് | 20000 | 30000 | 10000 |
| 3 | രാധിക.കെ.ആർ, കള്ളിക്കുന്നത്ത് ഹൗസ്, തലശ്ശേരി | ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് | 20000 | 30000 | 10000 |
| 4 | അഞ്ജന പി.ബി., പട്ടൻമാർകുണ്ടിൽ ഹൗസ്, മുള്ളൂർക്കര | ബി.എ.എക്കണോമിക്സ് | 20000 | 30000 | 10000 |
| | ആകെ | | | | 40000 |

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി അനുവദിച്ച സ്കോളർഷിപ്പ് തുകയായ 40,000/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.01/13-12-19).

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 03.09.2019 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി.1)/1316/19 തീയതി 18.09.2019 |

# 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (മുന്നിരിപ്പ സഹിതം) | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് (ബാങ്ക് പലിശ സഹിതം) |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 1,02,51,685 | ഐ.എ.വൈ | 77,51.685 | 25,00,000 |
| ആകെ | | 1,02,51,685 | | 77,51.685 | 25,00,000 |
| ദേശമംഗലം ഗ്രാമ പഞ്ചായത്ത് | 2018-19 | 0 | ഐ.എ.വൈ | 0 | 0 |
| വരവൂർ ഗ്രാമ പഞ്ചായത്ത് | ” | 70,000 | | 70,000 | 0 |
| തെക്കുംകര ഗ്രാമ പഞ്ചായത്ത് | ” | 50,000 | | 50,000 | 0 |
| എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത് | ” | 2,20,000 | | 1,95,000 | 25,000 |
| മുള്ളൂർക്കര ഗ്രാമ പഞ്ചായത്ത് | ” | 2,80,000 | | 1,60,000 | 1,20,000 |
| ആകെ ഗ്രാമ പഞ്ചായത്ത് വിഹിതം | | 6,20,000 | | 4,75,000 | 1,45,000 |

# 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തിയുടെ | ബിൽ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | നമ്പർ | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ്, തൃശ്ശൂർ | മുട്ടിക്കൽ കോളനി കുടിവെള്ളപദ്ധതി | 9/18-19, 30.10.18 18/18-19, 22.3.19 | 719700 | 719700 | 0 |
| | പട്ടാറ കുടിവെള്ളപദ്ധതി | 3/18-19, 31.7.18 13/18-19, 27.11.18 | 700000 | 700000 | 0 |
| | പറക്കുന്നത്ത് കുടിവെള്ളപദ്ധതി | 2/18-19, 31.7.18 | 500000 | 500000 | 0 |
| | കൊണ്ടയൂർകുന്ന് കുടിവെള്ളപദ്ധതി | 10/18-19, 30.10.18 | 1000000 | 1000000 | 0 |
| | ആകെ തുക | | 2919700 | 2919700 | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-5 വായ്പ - വായ്പ തിരിച്ചടവ്

ഇല്ല

# 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട

# ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,82,28,301 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,40,21,297 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,09,14,629 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 40000 | വിജിരാജ്.എം.ആർ, പട്ടികജാതി വികസന ഓഫീസർ |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 8,33,193 | വിനോദ്.ഇ.കെ, അസി.എക്സി.എഞ്ചിനീയർ |
| 1-13 | 22,68,536 | ഡോ.രശ്മി.ഇ.എൻ, സൂപ്രണ്ട്, സി.എച്ച്.സി |
| 1-15 | 20,000 | വിജിരാജ്.എം.ആർ, പട്ടികജാതി വികസന ഓഫീസർ |
| 1-16 | 2,58,400 | വിജിരാജ്.എം.ആർ, പട്ടികജാതി വികസന ഓഫീസർ |
| 1-19 | 50,000 | ഉമാദേവി.കെ.എൻ, |

| | | |
|---|---|---|
| | | ജോയിന്റ് ബി.ഡി.ഒ |
| 1-20 | 2,00,000 | കെ.കെ.സിനിയ, കൃഷി അസി.ഡയറക്ടർ |
| 1-23 | 27,89,800 | ഡോ.ജോ കുര്യാക്കോസ്, സീനിയർ വെറ്ററിനറി സർജൻ |
| 1-24 | 15,75,000 | ഡോ.ജോ കുര്യാക്കോസ്, സീനിയർ വെറ്ററിനറി സർജൻ |
| 1-26 | 29,19,700 | ചാന്ദിനി.വി.ജെ, വിനോദ്.ഇ.കെ, അസി.എക്സി.എഞ്ചിനീയർ |
| ആകെ | 1,09,14,629 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപേരും | സ്ഥിരം മേൽ വിലാസം |
|---|---|
| വിജിരാജ്.എം.ആർ, പട്ടികജാതി വികസന ഓഫീസർ | മഠത്തിൽ വീട്, തുരുത്തി പി ഒ, പെരുമ്പാവൂർ എറണാകുളം ജില്ല |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.ടി.20 – 567/ 2000/21.08.2000 |
| 1998-99 | എൽ.എഫ്.ടി.20- 63/01/03.08.2001 |
| 1999-2000 | എൽ.എഫ്.ടി.21 – 2591/07/31.03.09 |
| 2000-01 | എൽ.എഫ്.ടി.21 – 2590/07/31.03.2009 |
| 2001-02 | എൽ.എഫ്.ടി.21-2589/07/31.03.2009 |
| 2002-03 | എൽ.എഫ്.ടി.21- 2565/07/31.03.2009 |
| 2003-04 | എൽ.എഫ്.ടി.21- 2566/07/31.03.2009 |
| 2004-05 | എൽ.എഫ്.ടി.21- 1071/09/11.05.2010 |
| 2005-06 | എൽ.എഫ്.ടി.21 – 1072/09/11.05.2010 |
| 2006-07 | എൽ.എഫ്.ടി.21- 1073/09/11.05.2010 |
| 2007-08 | എൽ.എഫ്.ടി (ബി.പി)1914/11/21-1-12/3-8-12 |
| 2008-09 | എൽ.എഫ്.ടി.(ബി.പി)1915/11/21-1-12/3-8-12 |
| 2009-10 | എൽ.എഫ്.ടി (ബി.പി) 1916/11/21.01.2012/ 03.08.2012 |
| 2010-11 | എൽ.എഫ്.ടി (ബി.പി) 1974/12/05.02.2013 / 08.04.2013 |
| 2011-12 | എൽ.എഫ്.ടി (ബി.പി)1829/13/ 05.02.2014 / 14.03.2014 |
| 2012-13 | എൽ.എഫ്.ടി (ബി.പി) 1505/14/05.01.2015 / 10.02.2015 |
| 2013-14 | കെ.എസ്.എ.ടി.എസ്. ആർ (ബി.പി) 389/15 13.07.2015/ 30.09.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്. ആർ (ബി.പി)1696/16/19.5.16/23.8.16 |
| 2015-16 | കെ.എസ്.എ.ടി.എസ്. ആർ (ബി.പി)319/2017 15-03-2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (ബിപി1)1751/2017 തീ. 08.12.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ (ബിപി1)1751/2017 തീ. 08.12.2017 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വടക്കാഞ്ചേരി ബ്ളോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം - 2 ഓഡിറ്റ് സംക്ഷിപ്തം</u>

| | |
|---|---|
| | സംക്ഷിപ്തം(AuditedAbstract) |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ജോയിന്റ് ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ